ശ്രദ്ധക്ഷണിക്കൽ

(1) നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, സ്വതവേ തന്നെ നമ്മുടെ സംസ്ഥാനത്തെ നെൽകർഷകർ വലിയ ബുദ്ധിമുട്ടിലാണ്. വർദ്ധിച്ചുവരുന്ന കൃഷി ചെലവ്, കാലാവസ്ഥയിൽ വരുന്ന മാറ്റം, പണി എടുക്കുന്നതിന് ആവശ്യത്തിന് ആളുകളെ കിട്ടാനുള്ള ബുദ്ധിമുട്ട്, വളത്തിന്റെയും കീടനാശിനിയുടെയും വില വർദ്ധനവ് തുടങ്ങി നിരവധി കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരാണ് കേരളത്തിലെ കർഷകർ. സർക്കാർ 'സംഭരണം' എന്ന നയം സ്വീകരിച്ചതുതന്നെ കർഷകരെ സഹായിക്കാൻ വേണ്ടിയാണ്. മാർക്കറ്റിൽ 30-40 നുമിടയ്ക്ക് വിലയുള്ളപ്പോൾ നിശ്ചയിച്ച വില പോര എന്ന ശക്തമായ അഭിപ്രായം കർഷകർ കാലങ്ങളായി ഉന്നയിച്ചു വരികയാണ്.

പക്ഷേ ഇപ്പോഴുണ്ടായ സാഹചര്യം, അക്കാര്യങ്ങളിൽ സർക്കാർ അനുകൂലമായ ഒരു സമീപനം എടുത്തില്ല. ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടി സാന്നിദ്ധ്യം വേണമെന്നതാണ് എന്റെ അഭ്യർത്ഥന. കാരണം ഇത് കേവലം സിവിൽ സപ്ലൈസ് വകുപ്പ് മാത്രം പരിഗണിക്കേണ്ട ഒരു കാര്യമല്ല. ഭക്ഷ്യസുരക്ഷയെപ്പറ്റി നമ്മൾ വാചാലമായി സംസാരിക്കുകയും കൃഷി വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുന്നു. ആ പശ്ചാത്തലത്തിലാണ്

കർഷകനെ സഹായിക്കാൻ ഇവിടെ നെല്ല് സംഭരണം കൊണ്ടുവരാൻ തീരുമാനിച്ചത്. സർക്കാരിന്റെ ആ നയം സിവിൽ സപ്ലൈസ് വകുപ്പ് വഴിയാണ് നടക്കുന്നത് എന്നതുകൊണ്ട് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിക്ക് ഇതിന് മറുപടി പറയേണ്ട ബാദ്ധ്യതയായി എന്ന് മാത്രമേയുള്ളൂ. കേരളത്തിൽ ഏതാണ്ട് 4 ലക്ഷത്തോളം ടൺ നെല്ല് സംഭരിച്ചു എന്നാണ് കണക്ക്. 749,48,00,114 രൂപ നെല്ലിന്റെ വില യായിട്ടുണ്ട്. അതിൽ 356,54,00,000 രൂപയാണ് കൊടുത്തിട്ടുള്ളത്. ഇനിയും കൊടുക്കാനുള്ള സംഖ്യ 392,87,00,000 രൂപയാണ്, എന്നതാണ് സ്ഥിതി. ഏതാണ്ട് കൊടുത്തതിനേക്കാൾ കൂടുതൽ കൊടു ക്കാ നിരിക്കുന്നു. സർക്കാരിന്റെ നയപരിപാടിയനുസരിച്ച് സംഭരണ ത്തിനനുകൂലമായി പല പ്രതികൂലമായ സാഹചര്യങ്ങളേയും അഭിമുഖീ കരിച്ച് ഉല്പാദിപ്പിച്ച് നെല്ല് കൊടുത്ത് നാലും അഞ്ചും മാസം കഴി ഞ്ഞിട്ടും കാശ് കിട്ടുന്നില്ല എന്നതാണ് പരാതി. സ്വകാര്യ കമ്പനികൾ അഡ്വാൻസായി കാശ് കൊടുക്കാൻ റെഡിയായി നിൽക്കുമ്പോഴാണ് സർക്കാരിനോട് സഹകരിക്കാൻ കർഷകർ തയ്യാറായത്, കർഷക സംഘടനകൾ അതിന് പ്രേരിപ്പിക്കുകയും ചെയ്തു. പക്ഷേ ദൗർഭാഗ്യ വശാൽ ഇന്നും ഈ സംഖ്യ കൊടുത്തിട്ടില്ല. നാലഞ്ചു മാസങ്ങളായി കുടിശ്ശികയായി കിടക്കുകയാണ്. സർക്കാരിനോട് പല പ്രാവശ്യം പറയുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് നിവേദനം കൊടുക്കുക യുമുണ്ടായി. പത്രങ്ങൾ എഴുതി, പല കാര്യങ്ങളും നടന്നു. പക്ഷേ

സിവിൽ സപ്ലൈസ് വകുപ്പിന് വേണ്ടത്ര ബഡ്ജറ്ററി പ്രൊവിഷൻ ഇല്ലാത്തതുകൊണ്ടാണ് കുടിശ്ശിക വരുന്നത് എന്നാണ് അവരുടെ വേർഷൻ. ഈ അടുത്ത ദിവസം തൃശ്ശൂരിൽ കോൾ കർഷകർ സമരം നടത്തി. അവിടത്തെ ഉദ്യോഗസ്ഥരെ ഘെരാവോ ചെയ്തു. കർഷകരായ ആളുകൾ ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് എന്നെയും വിളിച്ചു, പക്ഷേ അസൗകര്യപ്രദമായ കാര്യത്തിന് ഞാൻ പോയില്ല, അവരുടെ വികാരം ഇവിടെ പ്രകടിപ്പിക്കേണ്ടത് എന്റെ ചുമതലയാണ് എന്ന് കരുതിയതുകൊണ്ടാണ് ഞാൻ ഇവിടെ ഇങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നത്. ഇടി വെട്ടിയവനെ പാമ്പ് കടിച്ചു എന്ന് പറയുന്നതുപോലെ സ്വതവേ കഷ്ടപ്പെടുന്ന കർഷകന്, എടുത്ത നെല്ലിന്റെ വില പോലും കൃത്യമായ സമയത്ത് നൽകുന്നില്ല എന്ന് പറയുന്നത്. ഏറ്റവും ലളിതമായ ഭാഷയിൽ പറഞ്ഞാൽ വലിയ ഒരു ശിക്ഷയാണ്, അങ്ങനെ ഒരു ശിക്ഷ കർഷകരോട് ഇന്നത്തെ സാഹചര്യത്തിൽ ചെയ്യരുത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഇക്കാര്യത്തിൽ ശക്തമായ ഒരു നിലപാട് സ്വീകരിക്കണം. കൊടുത്തതിനേക്കാൾ സംഖ്യ ഇനി കൊടുക്കാനുണ്ട്, നാലുമാസമായിട്ടും ആ സംഖ്യ കൊടുത്തിട്ടില്ല. സിവിൽ സപ്ലൈസ് വകുപ്പിന് ബഡ്ജറ്ററി പ്രൊവിഷൻ വന്നാൽ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂവെന്നാണ് പറയുന്നത്. തൃശ്ശൂരിൽ ഘെരാവോ നടത്തിയപ്പോൾ കളക്ടർ ഇടപ്പെട്ട് 10 കോടി രൂപ റിലീസ് ചെയ്യാമെന്ന് പറഞ്ഞതിനെ തുടർന്ന് സമരം അവസാനിപ്പിച്ചു. പക്ഷേ ഞാൻ മനസ്സി

ലാക്കിയിടത്തോളം ഇപ്പോഴും സംഖ്യ കൊടുത്തിട്ടില്ല. ഒരു കാര്യം കൂടി എനിക്ക് പറയാനുള്ളത്, കർഷകൻ അധ്വാനിച്ചുണ്ടാക്കിയ നെല്ല് സംഭരിച്ചതിന്റെ വില അഞ്ചു മാസമായിട്ടും കൊടുക്കാതിരിക്കുകയും ഘെരാവോ നടത്തിയാൽ മാത്രമേ കൊടുക്കുകയുള്ളൂ എന്നതും നല്ലൊരു മെസേജല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ ഒരു നിലപാട് കൈക്കൊള്ളണം. കർഷകരുടെ ഭീഷണി എന്നു പറയാൻ വയ്യ, കർഷകന്റെ വികാരം ഈ നിലയ്ക്കാണെങ്കിൽ അടുത്ത വർഷം കൃഷിയിറക്കാൻ പോലും പറ്റില്ല. പലരും കടം മേടിച്ച് കൃഷിയിറക്കിയ താണ്, ഈ കാശ് കിട്ടിയില്ലെങ്കിൽ അടുത്ത വർഷം കൃഷിയിറക്കാൻ പറ്റില്ല. അതുകൊണ്ട് ഭക്ഷ്യസുരക്ഷയ്ക്ക് വലിയൊരു ഭീഷണി ആയേയ്ക്കാവുന്ന ഈ സാഹചര്യം വരാതെ നോക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ വികാരം പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. ഇക്കാര്യങ്ങളിൽ കർഷകർ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ബഹുമാനപ്പെട്ട അംഗം തന്നെ പല സന്ദർഭങ്ങളിലും ഈ വിഷയങ്ങൾ സംബന്ധിച്ച് എന്നെ ഫോണിൽ വിളിച്ച് സംസാരിക്കാറുണ്ട്. മാത്രമല്ല, ബഹുമാന

പ്പെട്ട മന്ത്രിമാരും ഭരണ-പ്രതിപക്ഷ ഭേദമന്യേ പല അംഗങ്ങളും ഈ വിഷയങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാറുമുണ്ട്. നെല്ലിന്റെ തുക കൊടുക്കുവാൻ വൈകുന്നത് ഒരു രീതിയിലും ന്യായീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കുറച്ച് വസ്തുതകൾ സഭയുടെ ശ്രദ്ധയിലേയ്ക്കായിട്ടും ബഹുമാനപ്പെട്ട അംഗത്തിന്റെ മറുപടിയായും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തവണ സംസ്ഥാനത്ത് റെക്കോർഡ് നെല്ല് സംഭരണം നടന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ഇത്തവണ രണ്ടു സീസണുകളിലുമായി 5.36 ലക്ഷം ടൺ നെല്ലാണ് സംഭരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് ഒന്നര ലക്ഷം ടൺ നെല്ല് ഈ വർഷം കൂടുതൽ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നെല്ലിന്റെ താങ്ങുവിലയായി 18 രൂപയാണ് കർഷകർക്ക് നൽകിക്കൊണ്ടിരുന്നത്. അതിൽ 13.10 രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതവും 4.90 രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമായിരുന്നു. ഗവൺമെന്റ് ഈ ഫെബ്രുവരി മാസം മുതൽ സംഭരണ വില വർദ്ധിപ്പിച്ചു. സംസ്ഥാന വിഹിതം 5.90 രൂപയായി വർദ്ധിപ്പിക്കുകയും അങ്ങനെ ഇന്ന് 19 രൂപ കർഷകന് താങ്ങുവിലയായി ഗവൺമെന്റ് കൊടുക്കുവാൻ തീരുമാനിച്ച് നൽകുകയുമാണ് ചെയ്യുന്നത്. സെപ്റ്റംബർ മുതൽ ഡിസംബർ വരെയും ജനുവരി മുതൽ ജൂൺ വരെയും രണ്ട് ഘട്ടങ്ങളിലായാണ് ഓരോ വർഷവും നെല്ല് സംഭരണം നടത്തുന്നത്. 2013 സെപ്റ്റംബ

റിലെ ആദ്യ സീസൺ ഡിസംബറിൽ അവസാനിച്ചു. ആ സീസണിൽ 1.36 ലക്ഷം ടൺ നെല്ല് സംഭരിക്കുകയും അതിന്റെ വിലയായി 244 കോടി രൂപ കർഷകർക്ക് കൊടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് രണ്ടാമത്തെ സീസണിലേതാണ്. 2014 ജനുവരി മുതൽ ആരംഭിച്ച് ഇന്നേ വരെ സംഭരിച്ച നെല്ലിന്റെ തുകയാണ് അദ്ദേഹമിവിടെ സൂചിപ്പിച്ചത്. രണ്ടാം സീസണിൽ ഇതുവരെയായി അദ്ദേഹം പറഞ്ഞ കണക്കുകളിൽ ചെറിയ ഒരു വ്യത്യാസമുണ്ട്. ഞാൻ ആ കണക്കുകൾ ഇവിടെ വായിക്കാം. 2014 ജനുവരിയിൽ ആരംഭിച്ച രണ്ടാം സീസണിൽ ഇതുവരെയായി 1,12,000 കർഷകരിൽ നിന്നും 3.97 ലക്ഷം ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു. ഇതിന്റെ വിലയായി 748 കോടി രൂപയാണ് കൊടുക്കുവാനുണ്ടായിരുന്നത്. അതിൽ 400 കോടി രൂപ കർഷകർക്ക് കൊടുത്തു. എറണാകുളം പോലുള്ള ജില്ലകളിൽ മുഴുവനായും കൊടുത്തു തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾ അടിയന്തരമായി ചെയ്തിരിക്കുന്നത്, 50 കോടി രൂപ ഗവൺമെന്റ് അനുവദിച്ചതുൾപ്പെടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 100 കോടി രൂപയും ചേർത്ത് 150 കോടി രൂപ കർഷകർക്ക് അടിയന്തരമായി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് അത് നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിന്റെ വിഹിതം ഇനി നമുക്ക് ലഭിക്കുവാനുള്ളത്, ജൂലൈ മാസത്തേതാണ്

അതായത് മൂന്നാമത്തെ സീസണിലേയ്ക്കുള്ളതാണ്. കഴിഞ്ഞ ചൊവ്വാഴ്ച കേന്ദ്ര ഭക്ഷ്യവകുപ്പ് മന്ത്രിയെ നേരിട്ട് കണ്ട് ഈ വിഷയങ്ങൾ അവതരിപ്പിക്കുകയും 150 കോടി രൂപ അഡ്വാൻസായി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അത് നൽകാമെന്ന അനുഭാവപൂർവ്വമായ സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: എറണാകുളം ജില്ലയിലെ കർഷകർക്ക് മുഴുവൻ തുകയും കൊടുക്കുകയും കുട്ടനാട്-അപ്പർ കുട്ടനാട് മേഖയിൽ ഒരു പൈസയും കൊടുക്കാതിരിക്കുകയും ചെയ്തതിന്റെ മാനദണ്ഡമെന്താണ്?

ശ്രീ. അനൂപ് ജേക്കബ്: എറണാകുളം ജില്ലയിൽ വളരെ കുറച്ച് കുടിശ്ശികയാണുണ്ടായിരുന്നത്, 15 കോടി രൂപയ്ക്കകത്തേ ഉണ്ടായിരുന്നുള്ളൂ. അത് കൊടുത്തു തീർക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. ബാക്കി ജില്ലാതലത്തിലുള്ള കണക്ക് ഇപ്പോൾ എന്റെ കൈയിൽ ലഭ്യമല്ല. ഞാൻ അത് ബഹുമാനപ്പെട്ട അംഗത്തിന് നൽകാം. തൃശ്ശൂരും ആലപ്പുഴയിലും 4 മാസത്തെ കുടിശ്ശിക വരില്ല, മാർച്ച് 25-ാം തീയതി വരെയുള്ള കുടിശ്ശികകൾ കൊടുത്തു തീർത്തിട്ടുണ്ട്......... (ബഹളം)

മി. ചെയർമാൻ: മന്ത്രി എങ്ങനെ മറുപടി പറയണമെന്ന് ചെയറിന് നിർദ്ദേശിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. അനൂപ് ജേക്കബ്: ഇതിനകത്ത് കർഷകർക്ക് കൊടുത്തു തീർക്കുവാനുള്ള തുക ഞാൻ ഇവിടെപ്പറഞ്ഞതനനുസൃതമായി ലഭ്യമാകുകയും ഉടനെതന്നെ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആലപ്പുഴയിലും തൃശ്ശൂരിലും തുക കൊടുത്തിട്ടുണ്ട്. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നൽകാം. എറണാകുളം ജില്ലയിൽ കൊടുത്തു എന്ന് പറഞ്ഞതിൽ അവിടെയുള്ള കുടിശ്ശിക വളരെ കുറവായിരുന്നു, അതുകൊണ്ട് അവർക്ക് കൊടുത്ത വിഹിതത്തിൽ നിന്ന് അവിടെ കൊടുത്തു തീർക്കാൻ കഴിഞ്ഞുവെന്നുള്ളതുകൊണ്ടാണ് എറണാകുളം ജില്ലയിൽ തീർത്തതായി പറയുവാൻ സാഹചര്യം വന്നത്. ജൂലൈ ആദ്യവാരത്തോടെ പൂർണ്ണമായും കൊടുത്തു തീർക്കുവാൻ കഴിയും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടകാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിനുള്ള മറുപടിയും പറഞ്ഞുകഴിഞ്ഞു. അദ്ദേഹം ഡൽഹിയിൽ പോയി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുക എത്രയും വേഗത്തിൽ വാങ്ങിയെടുത്ത് കുടിശ്ശിക തുക എത്രയും വേഗം കർഷകർക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അടുത്ത വർഷം മുതൽ കർഷകരുടെ ബുദ്ധിമുട്ട് പൂർണ്ണമായും ഒഴിവാക്കുന്നതിനായി സഹകരണ ബാങ്കുകളുമായി ചേർന്നുകൊണ്ട് ഇത്ര ക്വാണ്ടിറ്റി നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുത്തുവെന്നുള്ള രസീത് കൊടു

ത്താൽ അതനുസരിച്ച് ബാങ്കിൽ നിന്ന് നേരിട്ട് കർഷകന് തുക ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. കർഷകരെ സംബന്ധിച്ചിടത്തോളം അവർ കടം മേടിച്ചും മറ്റ് രീതിയിൽ കൃഷിയിറക്കിയിട്ടുള്ളവരാണ്. ഇതിനകത്ത് രണ്ട് കാര്യമാണുള്ളത്. ഒന്ന്, കേന്ദ്രത്തിൽ നിന്ന് പണം കിട്ടുന്ന പ്രശ്നം. രണ്ട്, കേരളത്തിന്റെ ഒരു സബ്സിഡിയുണ്ട്. 5 രൂപ 90 പൈസയാണ് ഒരു കി.ഗ്രാം നെല്ലിനുള്ള സ്റ്റേറ്റ് ഗവൺമെന്റിന്റെ സബ്സിഡി. കേന്ദ്രത്തിൽനിന്നുള്ള തുക കിട്ടുകയും വേണം സ്റ്റേറ്റിന്റെ വിഹിതം കണ്ടെത്തുകയും വേണം. ഇത് രണ്ടും കൂടി വരുമ്പോഴാണ് കാലതാമസം വരുന്നത്. അതുകൊണ്ട് അത് പരിഹരിക്കുന്നതിനുവേണ്ടി ബാങ്കുമായി ഒരു ധാരണയുണ്ടാക്കി കർഷകന് നെല്ല് കൊടുത്താൽ അടുത്ത ദിവസം പണം കിട്ടുന്ന സംവിധാനം നടപ്പിലാക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ബാങ്കുകൾ വഴി പണം കൊടുക്കുന്നതിനുപകരം ജില്ലാ സഹകരണ ബാങ്കുകൾ വഴി പണം കൊടുത്താൽ കർഷകർക്ക് കുറേകൂടി പ്രയോജനകരമായിരിക്കും. അക്കാര്യംകൂടി പരിഗണിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, തീർച്ചയായും പരിശോധിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിൽ സഹകരണ ബാങ്കുകളെ ഉപയോഗപ്പെടുത്തികൊണ്ട് പണം കൊടുക്കുന്നുണ്ട്. ഗവൺമെന്റിൽനിന്ന് പണം കിട്ടാത്തതുകൊണ്ട് അത് നിർത്തിവച്ചിരിക്കു

കയാണ്. അങ്ങ് പറഞ്ഞതുപോലെയാണെങ്കിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്കിന് വേണ്ട നിർദ്ദേശം കൊടുത്ത് കൃഷിക്കാർക്ക് പണം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: അടുത്ത സീസൺ മുതൽ ഇതേരീതിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

## (2) കസ്തൂരി രംഗൻ റിപ്പോർട്ട്

ശ്രീമതി ഇ. എസ്. ബിജിമോൾ : പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് നിയമസഭ ഈ പ്രമേയം പാസ്സാക്കിയതാണ്. Western Ghats Ecologically Expert Panel- ന്റെ ചെയർമാനായിട്ടുള്ള മാധവ് ഗാഡ്ഗിൽ നൽകിയ ശുപാർശകളിലുണ്ടായ അപാകതകൾ പരിഹരിച്ചുകൊണ്ട് നടപ്പിലാക്കണമെന്നുള്ളതാണ് നിയമസഭ പാസ്സാക്കിയ പ്രമേയം. എന്നാൽ, അതുമായി ബന്ധപ്പെട്ട് കസ്തൂരി രംഗൻ ചെയർമാനായിട്ടുള്ള ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പിനെ നിയമിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തെളിവെടുപ്പ് നടത്തിയെങ്കിലും വേണ്ടരീതിയിൽ പൊതുജനങ്ങളുമായി ഇന്ററാക്ഷൻ നടത്താനുള്ള സമയം ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പിനുണ്ടായില്ലായെന്നുള്ള ആക്ഷേപം അന്നുതന്നെ ഉണ്ടായിരുന്നു. ഈ ആക്ഷേപങ്ങളുടെ കൗണ്ടർ പ്രൊഡക്ട് എന്നുള്ള നിലയിലാണ് യഥാർത്ഥത്തിൽ ജനങ്ങളുടെ ഇടയിൽ പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ഗുരുതരമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായത്. ഇതിൽ

നിന്നുപോലും നമുക്ക് പാഠങ്ങൾ പഠിക്കാൻ കഴിഞ്ഞില്ല. ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ ഭരണകൂടത്തിനും ഭരണാധികാരികൾക്കും കഴിയാത്ത സാഹചര്യവും ഉണ്ടായി. ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി മാത്രമേ പശ്ചിമഘട്ട സംരക്ഷണം വിജയിക്കുവാൻ കഴിയുകയുള ളൂവെന്നത് നമുക്ക് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. 2006-ലാണ് വേൾഡ് ഹെറിറ്റേജ് കമ്മിറ്റിയുടെയും അതോടൊപ്പംതന്നെ യുനെസ്കോയുടെ മുമ്പിലേയ്ക്ക് കേന്ദ്ര സർക്കാർ 39 സ്ഥലങ്ങൾ പൈതൃക പദവിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച ത്. എന്നാൽ ആ നിർദ്ദേശങ്ങൾ വേൾഡ് ഹെറിറ്റേജ് കമ്മിറ്റി നിരസി ക്കുന്ന സാഹചര്യമാണുണ്ടായത്. 2009-ൽ വീണ്ടും NGOs നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പശ്ചിമഘട്ടത്തിന് പൈതൃക പദവി നൽകുന്നതിനുള്ള ശുപാർശകൾ ഉണ്ടായതും തുടർന്ന് ആദ്യം Western Ghats Ecologically Expert Panel-നെ നിർദ്ദേശിക്കുകയും അതിനു ശേഷം ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പിനെ നിർദ്ദേശിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായത്. 2011 ആഗസ്റ്റ് 31-നാണ് മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചത്. ജനങ്ങളെ കാണാതെ, ജനങ്ങളുടെ റിപ്പോർട്ട് പരിഗണിക്കാതെ, അവരുടെ പ്രശ്നങ്ങൾ കേൾക്കാതെ സമർപ്പിച്ച റിപ്പോർട്ടിൽ NGOs-ന്റെ താൽപ്പര്യങ്ങളാണ് കുത്തിനിറച്ച തെന്നത് നമുക്ക് ബോദ്ധ്യപ്പെട്ടതാണ്. അതിന്റെ ഫലമായാണ് E.S.A.-1,

E.S.A.-2, E.S.A.-3, -എന്ന പേരിൽ പ്രൊട്ടക്ടഡ് ഏരിയ അടക്കമുള്ളത് അവരുടെ നിർദ്ദേശങ്ങളുടെ ഭാഗമായി വന്നതാണ്. ഇതിൽ ഇടുക്കി, വയനാട് ജില്ലകൾ സന്ദർശിക്കാൻ പോലും അന്ന് അവർ തയ്യാറായില്ല. ഇപ്പോൾ വ്യത്യസ്തങ്ങളായ ഒരുപാട് അഭിപ്രായങ്ങൾ മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളായി വന്നുകൊണ്ടിരിക്കുകയാണ്. ഗ്രാമസഭയടക്കമുള്ളവ വിളിച്ചുചേർത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാധവ് ഗാഡ്ഗിലുമായി ബന്ധപ്പെട്ട ആളുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെങ്കിൽ പോലും ലഭ്യമായ അവസരം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ ആ കമ്മിറ്റിക്ക് കഴിഞ്ഞില്ലായെന്നുള്ള പരിമിതി ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കുമുണ്ടായി. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് അതുപോലെ നടപ്പിലാക്കിയാൽ ഈ മേഖലയിൽ ജീവിക്കുന്ന ബഹുജനങ്ങൾ സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ ആവാസ വ്യവസ്ഥ ഉപേക്ഷിക്കപ്പെടേണ്ട സാഹചര്യമുണ്ടാകുമെന്ന് നമ്മൾ ചർച്ച ചെയ്തതാണ്. 2012– ആഗസ്റ്റ് 17–ഓടുകൂടിയാണ് കസ്തൂരി രംഗൻ കമ്മിറ്റിയെ നിമയമിക്കുന്നത്. 2013 ഏപ്രിൽ 15–ന് ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അവർക്കും വേണ്ട രീതിയിൽ ജനങ്ങളുടെ ഇടയിലുള്ള പ്രശ്നം പഠിക്കാൻ ആവശ്യമായ സമയം ലഭിച്ചിട്ടില്ലായെന്നുള്ളത് ഈ നിമയസഭ ചർച്ച ചെയ്തതാണ്. അഗ്രികൾച്ചറൽ ലാന്റും പ്ലാന്റേഷനും ഹ്യൂമൻ സെറ്റിൽമെന്റും അതായത് ഒരു സ്ക്വയർ. കി. മീറ്ററിൽ 100 കുടുംബ

ങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അത്തരം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും ആ നിർദ്ദേശം പാലിക്കുന്നതിന് കസ്തൂരി രംഗൻ കമ്മിറ്റിക്ക് കഴിയാതെ പോയതുകൊണ്ടാണ് ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിർദ്ദേശിക്കുന്ന സാഹചര്യമുണ്ടായത്. കേരളത്തിലെ 123 വില്ലേജുകളിൽ 48 വില്ലേജുകൾ ഇടുക്കി ജില്ലയിലാണുള്ളത്. ഇതിൽ പ്രൊട്ടക്റ്റഡ് ഏരിയ ഒഴിവാക്കിയാൽ ഒരു സ്ക്വയർ കി.മീറ്ററിൽ 318.48 ജനങ്ങൾ താമസിക്കുന്നുണ്ടെന്നാണ് 2001-ലെ സെൻസസ് പ്രകാരമുള്ള കണക്ക്. ഉടുമ്പൻചോല, ദേവികുളം ബ്ലോക്കുകൾ മാത്രം എടുത്തു നോക്കിയാൽ 2001-ലെ സെൻസസ് പ്രകാരം 410.14 ആണ് ജനസംഖ്യാനിരക്ക്. 2013 ഒക്ടോബർ 19-ന് അംഗീകരിച്ച ഹൈലെവൽ കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 2013 നവംബർ 13-ന് നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുള്ളത്. 1986-ൽ ഇതുമായി ബന്ധപ്പെട്ട് എൺവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് ഉണ്ട്. കസ്തൂരി രംഗൻ കമ്മിറ്റി ശുപാർശകളിൽ വന്നത് 4156 വില്ലേജുകളാണ്. അതിൽ കേരളത്തിൽ ഇ.എസ്.എ. ആയി പ്രഖ്യാപിച്ചിട്ടുള്ളത് 123 വില്ലേജുകളാണ്. അമ്പത്തിരണ്ട് ലക്ഷം ജനങ്ങളാണ് 4156 വില്ലേജുകളിലായി ആകെയുള്ളത്. എന്നാൽ കേരളത്തിലെ 123 വില്ലേജുകളിലായി ഇരുപത്തിരണ്ട് ലക്ഷം ജനങ്ങളാണ് താമസിക്കുന്നത്. 4033 വില്ലേജുക

ളിൽ 30 ലക്ഷം ജനസംഖ്യയുള്ളപ്പോൾ കേരളത്തിലെ 122 വില്ലേജുകളിലായി 22 ലക്ഷം ആളുകൾ താമസിക്കുന്നുവെന്നാണ് 2001–ലെ സെൻസസ് പ്രകാരമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഹൈഡെൻസിലി പോപ്പുലേറ്റഡായിട്ടുള്ള കേരളത്തിലെ പ്രശ്നങ്ങളെ നല്ലരീതിയിൽ പഠിക്കുവാൻ ഈ സമിതിക്ക് കഴിയാതെ പോയിയെന്നുള്ളതാണ്. 600 കി.മീ. നീളവും 66 കി.മീ. വീതിയുമാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. നിരവധി നദികളും, സ്കൂളുകളും പ്ലാന്റേഷനുകളും ഫാക്ടറിയുമെല്ലാം ഒഴിവാക്കി കഴിഞ്ഞാൽ ജനങ്ങൾക്ക് താമസിക്കുന്നതിനുവേണ്ടി.......... മൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷം ജനങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അന്യ സംസ്ഥാനത്തുനിന്ന് ഇവിടെ എത്തിച്ചേർന്നിട്ടുള്ള ആളുകളുടെ കണക്കുകൂടി പരിശോധിക്കുമ്പോൾ നാലുകോടിയോളം ജനങ്ങൾ അധിവസിക്കുന്ന ഈ കൊച്ചുസംസ്ഥാനത്തെ 123 വില്ലേജുകൾ ഇത്തരത്തിൽ ഉൾപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായാൽ അതുണ്ടാക്കുന്ന ഭവിഷ്യത്തുക്കൾ ഗുരുതരമായിരിക്കും. നമുക്ക് താമസിക്കാൻ ആവശ്യമായ സംവിധാനങ്ങളുണ്ടാകില്ല. അതുകൊണ്ട് ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ നിൽക്കുന്നത് vague ആയിട്ടാണ്. ഈ നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് implementing stage- ൽ നിരവധിയായ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്, ഉദ്യോഗസ്ഥരുടെ ഇടയിൽ കടുത്ത ആശയകുഴപ്പം നിലനിൽക്കുന്നുണ്ട്, രജിസ്ട്രേഷൻ ഓഫീസു

കൾ അഴിമതി കേന്ദ്രങ്ങളായി മാറുന്ന സാഹചര്യവും നിലനിൽക്കുക യാണ്. 2013 നവംബർ 13-ന് ഇറങ്ങിയ നോട്ടിഫിക്കേഷൻ supercede ചെയ്യുവാൻ ഒരു ഉത്തരവിനും ഇതുവരെ കഴിഞ്ഞിട്ടില്ലായെന്നുള്ള പരി മിതിയുമുണ്ട്. ബയോ ഡൈവേഴ്സിറ്റി ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ വിവിധ പരിപാടികൾ പ്രഹസനമായി നിൽക്കുന്ന സാഹചര്യമാണ് ഈ നോട്ടിഫിക്കേഷൻ supercede ചെയ്യാതെ നമ്മൾ ചെയ്യുന്ന നടപടിക്രമങ്ങൾ.............ഇതുമായി ബന്ധപ്പെട്ട് ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നമുക്ക് ഇഫക്ടീവായി കൊണ്ടുപോകുവാൻ കഴിയുന്നില്ല. ഓരോ കമ്മിറ്റിയുടെ അഭിപ്രായ ങ്ങൾ എടുത്ത് പരിശോധിക്കുമ്പോൾ കമ്മിറ്റികളിൽ വിരുദ്ധ അഭിപ്രായ ങ്ങളുണ്ട്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശങ്ങൾ നോക്കിയാൽ ഇതിൽ നിന്നെല്ലാം വിഭിന്നമായ നിർദ്ദേശങ്ങളാണ് നിൽക്കുന്നത്. Tea board, Spices board, other commodity boards അടക്കം ഇക്കാര്യത്തിൽ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ഇക്കോണമിയെ ഇത് ബാധിക്കുകയും Sustainable development തകരുന്ന സാഹചര്യമുണ്ടാ കുകയും ചെയ്യും. കൃഷിക്ക് വേണ്ടിയുള്ള അഡ്വാൻസ് ലോൺ ബാങ്കു കൾ നൽകാത്തതും cadastral map തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. അത്തരം ആശയകുഴപ്പങ്ങൾ പരിഹരിക്കുന്നതിനുള്ള നട

പടിയുണ്ടാകണം. പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് 24.12.2013, 04.01.2014, 28.02.2014 എന്നീ തീയതികളിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകളിലെ വൈരുദ്ധ്യങ്ങൾ പരിഹരിക്കണം. സാങ്കേതിക പിഴവുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. നിർമ്മാണ മേഖലയിൽ അപ്രഖ്യാപിത നിരോധനം നിലനിൽക്കുകയാണ്. മലയോര മേഖലയിലെ ജനങ്ങളുടെ ജീവിതം അക്ഷരാർത്ഥത്തിൽ മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഭൂമിയുടെ വില പൂജ്യമായി മാറിയിരിക്കുന്നു. ആർക്കും ഇടുക്കിയിൽ ഭൂമി വേണ്ടാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. അപ്രഖ്യാപിത നിരോധനം നിൽക്കുന്ന സാഹചര്യത്തിൽ, ഇടുക്കിയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതുമായി ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിനും അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ ഉണ്ടാകണം. ഉദ്യോഗസ്ഥരാജാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് അവസാനിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണം. പീരുമേട് നിയോജകമണ്ഡലത്തിലെ സെന്റ് ആന്റണീസ് കോളേജിന്റെ തറക്കല്ല് കേരളത്തിലെ മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടും അതിന് എൻ.ഒ.എസി. കൊടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറായില്ലായെന്ന് പറയുന്ന ഗുരുതരമായ സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിലേയ്ക്ക് ഈ അവസരത്തിൽ കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞ പൊതുവികാരത്തോട് ഗവൺമെന്റ് യോജിക്കുകയാണ്. പ്രാക്ടിക്കബിലിറ്റി വരുമ്പോൾ അതിനകത്തുള്ള ചില കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് അഡ്വാൻസ് ചെയ്ത് മുന്നോട്ട് പോയിട്ടുണ്ട്. കസ്തൂരി രംഗൻ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന്റെ മുമ്പിൽ വലിയ ഗൗരവമായി എടുക്കുന്നില്ല. കാരണം എൻ.ജി.ഒ.-യുടെ കൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ടാണ് നമ്മുടെ മുമ്പിലുള്ളത്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ആശങ്ക പരത്തുന്ന രീതിയിലുള്ള പല സംശയങ്ങളും ഉയർന്നുവന്നത്. 20.12.2013-ലെയും 10.03.2014-ലെയും ഓരോ ഓഫീസ് മെമ്മോറാണ്ടമുണ്ട്. ഏറ്റവും പുതിയതായിട്ടുള്ള ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലുള്ള നീക്കങ്ങളാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ പശ്ചിമഘട്ട മേഖലയിലുണ്ടാകുന്ന ആശങ്കകളെല്ലാം കണക്കിലെടുത്ത് 123 നിർദ്ദിഷ്ട പരിസ്ഥിതി ലോല പ്രദേശങ്ങളാണുള്ളത്. ഇ.എസ്.എ. മേഖല നിർണ്ണയിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു. അതാണ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെന്ന് അങ്ങ് സൂചിപ്പിച്ചത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി, പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധി

കളും ഉൾക്കൊള്ളുന്ന പ്രാദേശികമായിട്ടുള്ള ഒരു കമ്മിറ്റിയുടെ തീരുമാനവുംകൂടി കേട്ടിട്ടുണ്ട്. അതുകൂടി കേട്ടതിനുശേഷമാണ് അവർ അവസാനം കെഡസ്റ്റൽ മാപ്പിന് രൂപം കൊടുത്തത്. കെഡസ്റ്റൽ മാപ്പ് രൂപീകരിച്ചതിനകത്തുള്ള ചില തകരാറുകളെക്കുറിച്ചും പിന്നീട് അഭിപ്രായം പറഞ്ഞു. ജനങ്ങളുടെയുംകൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിൽ കുറെ കാര്യങ്ങൾ അവർ മാറ്റിയിട്ടുണ്ട്. നാല് പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചാണ് ഗവൺമെന്റ് വളരെ നിഷ്ക്കർഷതയോടുകൂടി നിൽക്കുന്നത്. കൃഷി സ്ഥലങ്ങൾ, ആവാസ കേന്ദ്രങ്ങൾ, തോട്ടങ്ങൾ ഇങ്ങനെയുള്ള സ്ഥലങ്ങൾ അതിൽനിന്നും ഒഴിവാക്കണമെന്നുള്ള കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് നിശ്ചിതമായ അഭിപ്രായമുണ്ട്. ആ അഭിപ്രായം എം.ഒ.എഫ്.-നെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അന്നത്തെ കേന്ദ്ര പരിസ്ഥിതി വകുപ്പ് മന്ത്രിയെയും അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗവൺമെന്റിന്റെ നിലപാട് ഗവൺമെന്റ് ഓഫ് ഇന്ത്യയെയും അറിയിച്ചിട്ടുണ്ട്. ഇതൊക്കെയാണ് നമ്മുടെ നിലപാടെങ്കിലും കരം സ്വീകരിക്കാതിരിക്കുക, പ്രമാണം രജിസ്റ്റർ ചെയ്യാതിരിക്കുക തുടങ്ങിയ കേന്ദ്ര സർക്കാർ തീരുമാനങ്ങൾ യാതൊരു കാരണവശാലും ബാധകമല്ലാത്ത കാര്യങ്ങളിൽ ചില ഉദ്യോഗസ്ഥൻമാർ പരിസ്ഥിതി ലോലപ്രദേശം, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ തുടങ്ങിയ അസംഗത്യമായ കാര്യങ്ങൾ പറഞ്ഞ് നിയമപരമായി ചെയ്യേണ്ട കാര്യങ്ങളിൽ നിന്ന് അവർ ഒഴിഞ്ഞുനിന്നു എന്നുള്ളതാണ്

യാഥാർത്ഥ്യം. ഗവൺമെന്റ് ആ സമയത്തുതന്നെ അത് പറഞ്ഞിട്ടുണ്ട്. ചില ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. അത് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ സംസ്ഥാന ഗവൺമെന്റ് കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലോ, എങ്ങനെ അവിടെ ഡെവലപ് ചെയ്തുവെന്ന് എനിക്കറിയില്ല, അല്ലാതെ തന്നെ ഉണ്ടായ ചില സാഹചര്യങ്ങളുണ്ട്. അതുകൊണ്ട് അതിനെതിരെ ഗവൺമെന്റ് നടപടികളും എടുത്തിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിനെതിരായി പ്രതിക്ഷേധമുണ്ടായതിനാൽ 16.12.2013-ൽ തന്നെ ആ ഉത്തരവ് റദ്ദാക്കേണ്ടിവന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള സാഹചര്യം ഞാൻ പറയാം.

നിരോധനമുള്ള കാര്യങ്ങൾ: അതിനോട് ഞങ്ങൾ യോജിക്കുന്നില്ല. കാരണം ഇത് ഇപ്പോഴും കിടക്കുന്നത് ഗ്രീൻ ട്രിബ്യൂണലിന്റെ മുമ്പിലാണ്. അവിടെ നമുക്ക് അഭിപ്രായം പറയാനുള്ള സമയമുണ്ട്. കരട് പ്രഖ്യാപിച്ചതിനുശേഷം 60 ദിവസത്തെ ഒരു സാവകാശം നമുക്കുണ്ടായിരുന്നു. ആ 60 ദിവസം ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. അത് നീട്ടിത്തരണമെന്ന് പരിസ്ഥിതി വകുപ്പിനോട് ഞങ്ങൾ നേരത്തെ ആവശ്യപ്പെട്ടിരുന്നതാണ്. പക്ഷേ ഗവൺമെന്റിൽ മാറ്റം വന്നതുകൊണ്ട് ഡെഫനിറ്റായിട്ടുള്ള കാര്യം എനിക്കിപ്പോൾ പറയാൻ കഴിയില്ല. നിരോധനമുള്ള കാര്യങ്ങളിൽ

1. ഖനനം – ഖനനം സംബന്ധിച്ച് പൂർണ്ണ നിരോധനമുണ്ട്. പരിസ്ഥിതി ലോലപ്രദേശത്തിനകത്തുള്ള എല്ലാ ഖനികളും 5 വർഷത്തിനുള്ളിലോ ലീസ് കാലാവധി തീരുന്നതോ ഏതാണോ ആദ്യം അതുവരെ മാത്രം.

2. താപനിലയങ്ങൾ – പുതിയ താപനിലയങ്ങളിലുള്ളവ വികസിപ്പിക്കാൻ കഴിയില്ല.

3. വ്യവസായം – റെഡ് കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങളെ സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനെ നിശ്ചയിക്കുന്ന പ്രകാരം തീരുമാനമെടുക്കാൻ കഴുയുന്നതാണ്.

4. കെട്ടിടങ്ങൾ – 20,000 ചതുരശ്ര മീറ്ററിലധികമുള്ള കെട്ടിടങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പുതിയതായി അനുവദിക്കുകയില്ലായെന്ന് പറഞ്ഞത് മാറി. സ്ഥല വികസിത പദ്ധതികൾക്ക് 50 ഹെക്ടറിലധികവും അധവാ 150000 ചതുരശ്ര മീറ്ററിലധികവുമായി പുതിയതായി അനുവദിക്കുകയില്ല എന്നുള്ള തിരുത്ത് വന്നിട്ടുണ്ട്.

<u>നിയന്ത്രണമുള്ള കാര്യങ്ങൾ</u>: ജലവൈദ്യുതി പദ്ധതിക്ക് പാരിസ്ഥിതിക ആഘാത പഠനം നടത്തണം. വേനൽക്കാലത്ത് മുപ്പത് ശതമാനമെങ്കിലും നീരൊഴുക്ക് നിലനിൽക്കണം. ആകമാനം പാരിസ്ഥിതിക ആഘാത നിർണ്ണയം, ഒഴുക്കിന്റെ രീതി, വനം വന്യജീവി വൈവിദ്ധ്യ നഷ്ടത്തിന്റെ കണക്കെടുക്കണം, രണ്ട് ജലവൈദ്യുതി പദ്ധതികൾ

തമ്മിലുള്ള ദൂരം മിനിമം 3 കി.മീറ്ററുണ്ടാകണം, തദ്ദീതടത്തിന്റെ 50 ശതമാനത്തിലധികം പദ്ധതിയെ ബാധിക്കാൻ സാദ്ധ്യമല്ല.

ഓറഞ്ച് കാറ്റഗറി: കർശന വ്യവസ്ഥകളുടെയും ഏറ്റവും കുറഞ്ഞ പാരിസ്ഥിതിക ആഘാതത്തോടെയും നടപ്പിലാക്കാവുന്നതാണ്. നിരോധിക്കപ്പെട്ടവ ഒഴികെയുള്ള പദ്ധതികൾ സഞ്ചിതാഘാതവും വികസനാവശ്യവും കണക്കിലെടുത്ത ശേഷം മുൻകൂർ പാരിസ്ഥിതിക അനുമതിയോടുകൂടി നടപ്പാക്കാം. ഇതാണ് ഞങ്ങൾ വച്ചിട്ടുള്ള നിബന്ധന. പട്ടയം കൊടുക്കുന്നതിനെക്കുറിച്ച് അങ്ങ് ഒരു പൊതുകാര്യം പറഞ്ഞു. പട്ടയം നൽകുന്നത് സംബന്ധിച്ച പൊതുവായ ഉത്തരവുകൾ റവന്യൂ വകുപ്പാണ് പുറപ്പെടുവിക്കേണ്ടത്. അതിന് കസ്തൂരിരംഗൻ റിപ്പോർട്ടുമായി ഒരു ബന്ധവുമില്ല. പട്ടയം കൊടുക്കുന്നത് വേറെ രൂപത്തിലാണ്. റവന്യൂ വകുപ്പാണ് അത് ചെയ്യുന്നത്. അത് വളരെ കൃത്യമായി അവർ ചെയ്യുന്നുണ്ട്. ഞാൻ അങ്ങയോട് ഒരു വാക്കുകൂടി പറയുന്നു. അവിടത്തെ ജനങ്ങളുടെ ജീവിത സ്വൈര്യം ഉറപ്പാക്കുക, അതിനാവശ്യമായ നടപടി നടത്തുക എന്നുള്ളതാണ് ഈ സംസ്ഥാനത്തെ ഗവൺമെന്റിന്റെ നിലപാട്. അതിനെ തെറ്റിദ്ധരിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ ഈ പരിധിക്കപ്പുറത്തുപോയി എന്തെങ്കിലും നടപടി എടുക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് അത് ഗൗരവപൂർവ്വമായി കണക്കാക്കും. ഒരു കാരണവശാലും ഗവൺമെന്റിന്റെ പോളിസിക്ക് വിരുദ്ധമായി പോകാൻ അനുവദിക്കില്ല.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, കസ്തൂരി രംഗൻ റിപ്പോർട്ടുമായും മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ടും ഒട്ടനവധി ആക്ഷേപങ്ങൾ ഇതിനോടകംതന്നെ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ജനങ്ങളുടെ സാധാരണ ജീവിതത്തെ ബാധിക്കുന്ന ഒട്ടനവധി ഇടപെടലുകൾ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെങ്കിൽ അങ്ങ് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ഇപ്പോൾ ഒരു പെറ്റീഷൻ കൊടുക്കേണ്ടത് എവിടെയാണ്. ജിയോളജി വകുപ്പ് പെർമിറ്റ് കൊടുക്കുന്നില്ല, തടഞ്ഞിരിക്കുന്നു. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രി വന്ന് തറക്കല്ലിട്ട കെട്ടിടത്തിന് അനുമതി കൊടുക്കാതെ ഒരു ഉദ്യോഗസ്ഥൻ തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ അത്തരം വിഷയങ്ങളിൽ, ഒരു പരാതിയുമായി ചെന്നാൽ ബന്ധപ്പെട്ട ആളുകൾ ആപ്റ്റ് ചെയ്യുന്നതിന് ഭയത്തോടുകൂടി നിൽക്കുന്ന ഒരു സാഹചര്യമുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറിമാരടക്കം ഇത്തരം കാര്യങ്ങളിൽ നിസ്സഹായത പുലർത്തുന്നു. ഗവൺമെന്റിന്റെ മുന്നിലേയ്ക്കുവരുമ്പോൾ ഗവൺമെന്റിനും ആ കാര്യങ്ങളിൽ ആപ്റ്റ് ചെയ്യുന്നതിന് വേണ്ടത്ര ധൈര്യം പോരായെന്ന് പലപ്പോഴും ഇതുമായി ബന്ധപ്പെട്ട് എത്തിച്ചേരുന്ന ഞങ്ങളെപ്പോലെയുള്ള ആളുകൾക്ക് തോന്നുന്ന സാഹചര്യത്തിൽ ഇത്തരം പെറ്റീഷനുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് ഒരു സംവിധാനം ഗവൺമെന്റിന്റെ തലത്തിൽ ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയോട് ഇതിനെക്കുറിച്ച് വളരെ കൃത്യമായിത്തന്നെ സൂചിപ്പിച്ചു. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിയന്ത്രണമുള്ളത്, നിരോധനമുള്ളത്, ഓറഞ്ച് കാറ്റഗറിയിൽപ്പെട്ടത് എന്നിവയാണ്. അതിനപ്പുറത്തുള്ള നടപടികളെക്കുറിച്ചാണ് അങ്ങ് സൂചിപ്പിച്ചത്. അതിൽ കുറച്ച് സത്യവുമുണ്ട്. ചില ആളുകൾ ഇതിനെക്കാൾ അപ്പുറത്തേയ്ക്ക് കടന്ന് ചില നടപടികൾ എടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. അത് ഗവൺമെന്റ് കർക്കശമായി നേരിടും.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ)